# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 4617        18.05.2017-ൽ മറുപടിക്ക്

**വായ്പതുക അടച്ചു തീർത്തിട്ടും സഹകരണ സംഘങ്ങൾ ആധാരം തിരികെ നൽകാത്തതിന് കാരണം**

ചോദ്യം        മറുപടി

ശ്രീ.പാറക്കൽ അബ്ദുല്ല        ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭവനവായ്പ പൂർണ്ണമായും അടച്ചുതീർത്ത വായ്പക്കാരന്റെ ആധാരം തടഞ്ഞുവയ്ക്കാൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കോ സഹകരണ ഹൗസിങ്ങ് ഫെഡറേഷനോ അധികാരമില്ലെന്ന് ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വായ്പതുക അടച്ചു തീർത്തിട്ടും സഹകരണ സംഘങ്ങൾ ആധാരം തിരികെ നൽകാത്തതിന് കാരണം വ്യക്തമാക്കുമോ; | (ബി) | വായ്പക്കാർ സംഘത്തിൽ പണയപ്പെടുത്തുന്ന അതേ ഈടുവസ്തുവും അതിൽ നിർമ്മിക്കുന്ന വീടും ഉൾപ്പെടെ ഫെഡറേഷൻ സെക്യൂരിറ്റിയായി സ്വീകരിച്ചുകൊണ്ടാണ് സംഘത്തിന് വായ്പ നൽകുന്നത്. സംഘത്തിൽ കണക്കവസാനിച്ച വായ്പകളുടെ തുക ഫെഡറേഷനിൽ യഥാസമയം അടച്ച് ബാധ്യത തീർത്താൽ മാത്രമേ സംഘത്തിന് ആധാരം തിരികെ നൽകുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ആധാരം തിരികെ നൽകാത്തതുമൂലം സാധാരണക്കാരായ ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ഹൈക്കോടതി വിധിന്യായത്തിൽ പ്രമാണങ്ങൾ തിരികെ നൽകാൻ കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷനോടാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ